**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1201** **10-08-2023 - ൽ മറുപടിയ്ക്ക്**

**പുനർഗേഹം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | അരൂർ മണ്ഡലത്തിൽ നിന്നും പുനർഗേഹം പദ്ധതി പ്രകാരം സ്വന്തമായി വീടോ സ്ഥലമോ ഇല്ലാത്ത എത്രപേരുടെ അപേക്ഷകൾ നിലവിലുണ്ടെന്ന് വിശദമാക്കാമോ; | (എ) | പദ്ധതി മാർഗ്ഗരേഖ പ്രകാരം വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ സ്വന്തമായി ഭൂമിയും വീടും ഉള്ള കുടുംബങ്ങളെയാണ് പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. 2018 ൽ നടത്തിയ സർവ്വേ പ്രകാരം 378 കുടുംബങ്ങളാണ് അരൂർ നിയോജക മണ്ഡലത്തിൽ ഇത്തരത്തിൽ അധിവസിക്കുന്നതായി കണ്ടെത്തിയിട്ടുള്ളത്. ഇപ്രകാരമല്ലാത്ത അപേക്ഷകൾ അരൂർ നിയോജക മണ്ഡലത്തിൽ നിന്നും ലഭിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ചവരുടെ കണക്ക് വ്യക്തമാക്കാമോ; ആനുകൂല്യം ലഭിച്ചിട്ടില്ലായെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ? | (ബി) | പുനർഗേഹം പദ്ധതിയുടെ സർവ്വേ പ്രകാരം അരൂർ നിയോജകമണ്ഡലത്തിൽ 378 കുടുംബങ്ങളാണ് ഉൾപ്പെട്ടിരിക്കുന്നത്. ഇതിൽ പദ്ധതി പ്രകാരം സുരക്ഷിത മേഖലയിലേക്ക് മാറി താമസിക്കുന്നതിന് നിലവിൽ സന്നദ്ധത അറിയിച്ചിരിക്കുന്നത് 18 കുടുംബങ്ങളാണ്. സന്നദ്ധത അറിയിച്ചവരിൽ ഉൾപ്പെട്ട 11 ഗുണഭോക്താക്കൾക്ക് പുറമേ എറണാകുളം ജില്ലയിൽ നിന്നും അരൂർ നിയോജക മണ്ഡലത്തിൽ ഭൂമി കണ്ടെത്തിയവർ ഉൾപ്പെടെ 29 ഗുണഭോക്താക്കളുടെ ഭൂമി രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. മാറിതാമസിക്കാൻ സന്നദ്ധത അറിയിച്ച ഭൂരിഭാഗം ഗുണഭോക്താക്കളും മത്സ്യബന്ധന തൊഴിലുമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ ഹാർബറിന് സമീപം അനുയോജ്യമായ ഭൂമി കണ്ടെത്തിയുള്ള പുനരധിവാസത്തിനാണ് താല്പര്യം അറിയിച്ചിട്ടുള്ളത്. അപ്രകാരം ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. അനുയോജ്യമായ ഭൂമി കണ്ടെത്തുന്ന മുറയ്ക്ക് ശേഷിക്കുന്ന ഗുണഭോക്താക്കൾക്കും ഭൂമി രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ച് ധനസഹായം അനുവദിക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ